**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1268** **13.07.2016-ന് മറുപടിക്ക്**

**കസ്തൂരിരംഗൻ റിപ്പോർട്ട്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള ഇ.എസ്.എ. പരിധിയിൽ നിന്നും ജനവാസകേന്ദ്രങ്ങളേയും കൃഷി, തോട്ടവിള ഭൂമി എന്നിവയെയും ഒഴിവാക്കുന്നതിന് സംസ്ഥാനം, കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച ആവശ്യങ്ങളിന്മേൽ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) യും (ബി) യും പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽ നിന്ന് കൃഷിഭൂമിയെയും ജനവാസകേന്ദ്രങ്ങളെയും മറ്റും ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിച്ച് ഈ കാര്യത്തിൽ എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഉതകുംവിധം കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്നതും കേന്ദ്രസർക്കാരിൽ നിന്നുള്ള തീരുമാനം ഉണ്ടായശേഷം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ